# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ: അനുപമ.റ്റി.വി. IAS)

==================================================================

ഉത്തരവ് നം. WEC-2/7250/21 തീയതി : 03/02/2022

==================================================================

വിഷയം: വനിതാ ശിശുവികസന വകുപ്പ്-'സഹായ ഹസ്തം' 2020-21 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം- അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1.സ.ഉ(സാ.ധാ)നം.406/2020/സാ.നീ.വ തീയതി 18/08/2020.

.2 വനിതാ ശിശുവികസന ഡയറക്ടറുടെ 06/02/2021 ലെ WEC.2/4551/20 നമ്പർ സർക്കുലർ .

3.കൊല്ലം ജില്ലാ വനിതാ ശിശുവികസന ഓഫീസറുടെ 30/12/2021 ലെ DWCDO /KLM/C-285/21 നം. കത്ത്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായ പദ്ധതിയായ 'സഹായ ഹസ്തം' പദ്ധതി പ്രകാരം ഒരാൾക്ക് 30000/- രൂപ ക്രമത്തിൽ ഒറ്റത്തവണ ധനസഹായമായി ഒരു ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പരമാവധി 10 ഗുണഭോക്താക്കൾ എന്ന രീതിയിൽ 14 ജില്ലകളിൽ നിന്നും 140 പേർക്ക് ധനസഹായം അനുവദിച്ച് നൽകുന്നതിന് 42,00,000/- രൂപ (നാൽപ്പത്തിരണ്ട് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം (1) പ്രകാരം ലഭ്യമായിട്ടുണ്ട് . 2020-21 വർഷം 'സഹായഹസ്തം' പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച നൽകുന്നതിലേയ്ക്കായി ജില്ലാ തലത്തിൽ അപേക്ഷ സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം DWCDO മാരെ ചുമതലപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് & ഇവാലുവേഷൻ കമ്മിറ്റി തെരെഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പേര് വിവരം ഉൾപ്പെടെയുള്ള ലിസ്റ്റ് സഹിതം കൊല്ലം ജില്ലാ വനിതാ ശിശു വികസന ഓഫീസർ പരാമർശം (3) പ്രകാരം ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ഒരു ജില്ലയിൽ നിന്നും പരമാവധി പത്ത് ഗുണഭോക്താക്കൾ എന്ന രീതിയിൽ കൊല്ലം ജില്ലാ വനിതാ ശിശു വികസന ഓഫീസർ ശുപാർശ ചെയ്ത 10 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) കൊല്ലം ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

ഇതിലേയ്ക്കാവശ്യമായ 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-68-03(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. പ്രസ്തുത തുക കൊല്ലം ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ മാറി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്. തുക വിനിയോഗം സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

പരാമർശം (1) സർക്കാർ ഉത്തരവിനും പരാമർശം (2) സർക്കുലറിനും വിധേയമായി മാത്രമെ ധനസഹായം അനുവദിച്ച് നൽകാവു. തെരഞ്ഞെടുത്ത ഗുണഭോക്തക്കളുമായി കൊല്ലം ജില്ലാ വനിതാ ശിശുവികസന ഓഫീസർ എഗ്രിമെന്റ് വച്ചതിന് ശേഷം ധനസഹായം ഗുണഭോക്താവിന് അനുവദിച്ച് നൽകേണ്ടതാണ്. ആരംഭിക്കുന്ന തൊഴിൽ സംരംഭം സംബന്ധിച്ച ലഘുവിവരവും തൊഴിൽ സംരംഭം 5 വർഷമെങ്കിലും തുടരുമെന്ന വ്യവസ്ഥയും കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്. പരാമർശം (2) സർക്കുലറിലെ മറ്റ് നിബന്ധനകൾ പാലിക്കേണ്ടതാണ്.

ജില്ലാ വനിതാ ശിശുവികസന ഓഫീസർ ഗുണഭോക്താവിന്റെ പേര് വിവരം, തൊഴിൽ സംരംഭം എന്നിവ ഉൾപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. ധനവിനിയോഗ സാക്ഷ്യപത്രം എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

വനിതാ ശിശുവികസന ഡയറക്ടർ

ജില്ലാ വനിതാ ശിശുവികസന ഓഫീസർ, കൊല്ലം

**പകർപ്പ്**

(1) സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിനായി)

(2) സൂപ്രണ്ട്, ഐ.റ്റി സെക്ഷൻ (Website ൽ പ്രസിദ്ധീകരിക്കുന്നതിനായി)

(3) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്